# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1404 02.05.17 ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിയ്ക്കൽ**

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം വർദ്ധിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മോട്ടോർ വാഹന ചട്ടം 24 ൽ ആണ് മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത്. സ്വന്തമായോ വാടകയ്ക്കോ സ്ഥലം ഉള്ള വ്യക്തികൾക്ക് ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കാവുന്നതാണ്. ഒരു ഡ്രൈവിംഗ് സ്കൂളിന് ആവശ്യമായ ലെക്ചർ ഹാൾ, ഡെമോൺസ്ട്രേഷൻ ഹാൾ, ഡ്രൈവിംഗ് സ്കൂളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ പാർക്കിങ് സൗകര്യങ്ങളെപ്പറ്റിയും നിയമത്തിൽ വ്യവസ്ഥയുണ്ട്. മേല്പറഞ്ഞിരിക്കുന്ന നിയമത്തിൽ കൂടുതൽ വ്യക്തത നൽകുന്നതിനായി ഏതാനും മാറ്റങ്ങൾ കൂടി ഇതോടൊപ്പം പാലിക്കണമെന്ന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് . അവ ചുവടെ ചേർക്കുന്നു<br>ലക്ചർ ഹാൾ - 300 cm X 450cm<br>ഡെമോൺസ്ട്രേഷൻ ഹാൾ - 300 cm X 450 cm<br>പാർക്കിംഗ് സൗകര്യം - ആവശ്യത്തിന്<br>നിലവിലെ പല ഡ്രൈവിംഗ് സ്കൂളുകൾക്കും ഡെമോൺസ്ട്രേഷൻ ഹാളിനു ആവശ്യമായ സ്ഥല പരിധി ഇല്ലാത്തതിനാൽ 10 % വരെ ഇളവ് നൽകാനും അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവാരമില്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നടത്തുന്ന ഡ്രൈവിംഗ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | (ബി) | നിലവാരമില്ലാതെയും , മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | നൂതന സാങ്കേതിക മികവോടെ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | (സി) | ചട്ടങ്ങൾക്ക് വിധേയമായി ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഉചിത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇക്കാര്യങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ ഡ്രൈവിംഗ് സ്കൂളുകളും നിശ്ചിത കാലയളവുകളിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ